# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4293** **17.12.2014**-ൽ മറുപടിക്ക്

**'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പൂവർ' ചികിത്സാധനസഹായ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ - കുടുംബക്ഷേമവകുപ്പിന്റെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പൂവർ' ചികിത്സാധനസഹായ പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) വാർഷികവരുമാനം മൂന്നുലക്ഷം രൂപവരെയുള്ള ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു രോഗികൾക്കും ആരോഗ്യവകുപ്പിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭിക്കാൻ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിനു സമീപം, തിരുവനന്തപുരം -695 035 എന്ന മേൽ വിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽ നിന്നും ചികിത്സാ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതും പ്രസ്തുത വിവരം കത്തുമുഖാന്തിരം രോഗിയെ അറിയിക്കുന്നതും |

| | | | |
|---|---|---|---|
| | | | രോഗിയിൽ നിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായത്തുകയുടെ ചെക്ക് രോഗിക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ച് കൊടുക്കുന്നതുമാണ്. |
| | | | RSBY യുടെ CHIS PLUS എന്ന ചികിത്സാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ ധനസഹായത്തിനും ഒരേ രോഗിയ്ക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് G.O(Rt) No.757/2012/H&FWD, dated 8/3/2012 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ആശുപത്രികളെ പ്രസ്തുത ധനസഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മേൽപ്പറഞ്ഞിട്ടുള്ള ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള രോഗികൾക്ക് പ്രസ്തുത പദ്ധതിയിൽ നിന്ന് നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി ച്ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന വിശദമാക്കുമോ? | (സി) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**